പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2996 21-08-2017-ലെ മറുപടിയ്ക്ക്

## കാർഷിക അനുബന്ധ മേഖലകളെ സംയോജിപ്പിച്ച് പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഷാഫി പറമ്പിൽ**<br>**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ. അനൂപ് ജേക്കബ്**<br>**ശ്രീ. എ.പി. അനിൽ കുമാർ** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കാർഷിക അനുബന്ധമേഖലകളെ സംയോജിപ്പിച്ചുകൊണ്ട് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചതെന്ന് വിശദമാക്കുമോ; | (എ) കൃഷി വകുപ്പിന്റെ 'ആത്മ' പദ്ധതി പ്രകാരം കാർഷിക അനുബന്ധ മേഖലകളായ മൃഗസംരക്ഷണം, കോഴിവളർത്തൽ, മത്സ്യകൃഷി, തേനീച്ചവളർത്തൽ തുടങ്ങിയവ സംയോജിപ്പിച്ചുകൊണ്ടുള്ള സംയോജിത കൃഷി സമ്പ്രദായം കർഷകരുടെ പുരയിടങ്ങളിൽ നടപ്പിലാക്കുന്നതിനായി 10 സെന്റിന് 10,000/- രൂപ ക്രമത്തിൽ 50 സെന്റിന് 50,000/- രൂപ വരെ ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നു. ഹരിതകേരളം മിഷന്റെ 'സുജലം സുഫലം' ഉപമിഷൻ പ്രകാരം കൃഷി അനുബന്ധമേഖലകളെ സംയോജിപ്പിച്ചുകൊണ്ടുള്ള പദ്ധതികൾ ഉൾക്കൊള്ളിച്ചുകൊണ്ട് പഞ്ചായത്ത് തലത്തിൽ ഫാം പ്ലാൻ തയ്യാറാക്കി നടപ്പിലാക്കാനും പദ്ധതിയുണ്ട്. കൂടാതെ ജനകീയാസൂത്രണ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന "ഹരിതഗ്രാമം" പദ്ധതിയും കാർഷിക അനുബന്ധമേഖലകളെ സംയോജിപ്പിച്ചുകൊണ്ട് നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ്. |
| (ബി) പ്രസ്തുത പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിവരിക്കുമോ; | (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. സമഗ്ര വികസനം ലക്ഷ്യമാക്കിയാണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നത്.<br>2. കുറഞ്ഞ വിസ്തൃതിയിൽ നിന്നും പരമാവധി ഉൽപാദനം കൈവരിക്കുകയും തദ്വാരാ പരമാവധി ആദായം കർഷകർക്ക് ലഭ്യമാക്കാനുമാണ് ഉദ്ദേശിക്കുന്നത്. |

3. മുതൽമുടക്കിന് അനുസൃതമായി ഏറ്റവും കൂടുതൽ വരുമാനം ഉണ്ടാക്കുക എന്നും;
4. കർഷകർക്ക് സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതോടൊപ്പം ഭക്ഷ്യസുരക്ഷയും പ്രദാനം ചെയ്യുക എന്നതും പദ്ധതി ലക്ഷ്യങ്ങളാണ്.

| | |
|---|---|
| (സി) പദ്ധതികൾ വഴി എത്ര ഏക്കർ തരിശുനിലങ്ങളിൽ കൃഷിയിറക്കുവാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (സി) പച്ചക്കറി വികസന പദ്ധതി പ്രകാരം 2016-17 വർഷത്തിൽ 700 ഹെക്ടർ തരിശുഭൂമി കൃഷി ചെയ്തിട്ടുണ്ട്. 2017-18 വർഷത്തിൽ 1000 ഹെക്ടർ തരിശ്ഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.<br>നെൽകൃഷി വികസന പദ്ധതി പ്രകാരം 2016-17 വർഷത്തിൽ 6000 ഹെക്ടർ നെൽകൃഷി പ്രാവർത്തികമാക്കി. 2017-18 വർഷത്തിൽ 2956 ഹെക്ടർ തരിശുനിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>പച്ചക്കറി കൃഷി വികസനം, നെൽകൃഷി വികസനം എന്നീ പദ്ധതികൾ പ്രകാരം തരിശ്ഭൂമിയിൽ കൃഷി ചെയ്യുന്നതിന് ഹെക്ടർ ഒന്നിന് 30,000/- രൂപ പ്രകാരം ആനുകൂല്യം നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**